**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187** **27-02-2023 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി മുഖേനയുള്ള പ്രോജക്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആറ് വർഷം കൊണ്ട് ആറായിരത്തി ഇരുന്നൂറ് കോടിയോളം രൂപയുടെ പ്രോജക്ടുകൾ മാത്രമേ കിഫ്‌ബി മുഖേന പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടുള്ളൂ എന്നത് വസ്തുതയാണോ എന്ന് വെളിപ്പെടുത്തുമോ; | (എ) | പതിറ്റാണ്ടുകളായി മന്ദഗതിയിലായിരുന്ന സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന മേഖലയ്ക്ക് പുതിയൊരു തുടക്കം നൽകുക, അതുവഴി സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ പുനരുജ്ജീവിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് 2016 ൽ സർക്കാർ കിഫ്‌ബിയെ നൂതനമായ രീതിയിൽ പുനർരൂപീകരിച്ചത്. പ്രസ്തുത ബജറ്റിൽ 20,000 കോടി രൂപയുടെ അടിസ്ഥാന സൌകര്യ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുക എന്നതായിരുന്നു ലക്ഷ്യം. തുടർന്നുള്ള ബജറ്റുകളിലായി ഇത് 50,000 കോടി രൂപ എന്ന ലക്ഷ്യത്തിലേക്ക് ഉയർത്തുകയുണ്ടായി.<br><br>കിഫ്‌ബിയിൽ സമർപ്പിക്കപ്പെട്ട വിശദമായ പദ്ധതി റിപ്പോർട്ടുകൾ പരിശോധിച്ച ശേഷം കിഫ്‌ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി/ ബോർഡ് യോഗങ്ങൾ **74,009 കോടി** രൂപയുടെ **993** പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ NHAI-യുടെ സ്ഥലമേറ്റെടുപ്പിനുള്ള സംസ്ഥാന വിഹിതവും (6769.01 കോടി രൂപ) വ്യാവസായിക പാർക്കുകൾക്കുള്ളസ്ഥലമേറ്റെടുപ്പിനുള്ള തുകയും ഉൾപ്പടെ **20,000 കോടി** രൂപയുടെ **7**പദ്ധതികളും ഉൾപ്പെടുന്നുണ്ട്. ഇതിലേക്കായി **9,508 കോടി** രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പതിറ്റാണ്ടുകളായി മുടങ്ങി കിടന്നിരുന്ന നാഷണൽ ഹൈവേയുടെ വികസനത്തിന് ഇത് വഴിവെച്ചു. ശേഷിക്കുന്ന **54,009 കോടി**രൂപയുടെ **986** പദ്ധതികളിൽ **28,536 കോടി** രൂപയുടെ **598** പദ്ധതികളിന്മേൽ ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിൽ **24,931** കോടി രൂപയുടെ **543** പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വർക്ക് അവാർഡ് ചെയ്തിട്ടുള്ളതുമാണ്. അംഗീകാരം നൽകിയ പദ്ധതികളിലേക്കായി **23,000 കോടി** രൂപ നാളിതു വരെ കിഫ്‌ബിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ കരാർ നൽകി പൂർണമായും പൂർത്തീകരിച്ച പദ്ധതികൾ അല്ലെങ്കിൽ സ്ഥലമേറ്റെടുപ്പ് നടപടിക്രമം പൂർണ്ണമായും പൂർത്തീകരിച്ചത് എന്ന രീതി അവലംബിക്കുമ്പോഴാണ് 6,201.35 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു എന്ന് പറയുന്നത്. എന്നാൽ കിഫ്‌ബി അംഗീകാരം നൽകി മുഴുവൻ തുകയും ചെലവഴിച്ച പദ്ധതികളിൽ ചിലത് സർക്കാരിന്റെ മറ്റ് വലിയ പദ്ധതികളുടെ ഭാഗമാണ്. NHAI-യുടെ സ്ഥലമേറ്റെടുപ്പിനുള്ള സംസ്ഥാന വിഹിതമായി നൽകിയ 5,580.74 കോടി |

| | | | |
|---|---|---|---|
| | | | രൂപ ബയോളജിക്കൽ സയൻസ് പാർക്കിന്റെ രണ്ടാം ഘട്ടത്തിന്റെ സ്ഥലമേറ്റെടുപ്പിന് നൽകിയ 301.17 കോടി രൂപ തുടങ്ങിയവ ഇത്തരത്തിലുള്ളതാണ്. ഇവ കണക്കിലെടുത്താൽ ആകെ പൂർത്തീകരിച്ച പദ്ധതികളുടെ തുക **12,089.29 കോടി** രൂപയാണ്. |
| (ബി) | അഞ്ച് വർഷം കൊണ്ട് അൻപതിനായിരം കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കുമെന്ന വാഗ്ദാനം പാലിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | വളരെ ബൃഹത്തായ പദ്ധതികളാണ് സർക്കാർ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. ഭൂരിഭാഗം പദ്ധതികൾക്കും വിശദമായ പഠനങ്ങളും പ്രത്യേക സർവ്വേകളും ഭൂമിയേറ്റെടുക്കലും ആവശ്യമായി വരുന്നു.<br><br>കോവിഡ്, പ്രളയം എന്നീ ദുരന്ത സാഹചര്യങ്ങൾ പദ്ധതി നിർവ്വഹണത്തിൽ ചെലുത്തിയ പ്രതികൂലാവസ്ഥ, പ്രഖ്യാപിത ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തെ ചെറിയ രീതിയിൽ ബാധിച്ചു. എന്നിരുന്നാലും, പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിന് വളരെ ക്രിയാത്മകമായ നടപടികളാണ് കിഫ്ബി സ്വീകരിച്ചുവരുന്നത്.<br><br>കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പ്രത്യേക ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നിയമാനുസൃതമായുള്ള ക്ലിയറൻസുകൾ എന്നിവ തടസ്സം കൂടാതെ ലഭ്യമാക്കി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികളും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ സ്വീകരിച്ചുവരുന്നു.<br><br>പദ്ധതി നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ എസ്.പി.വി-കൾ നേരിടുന്ന പക്ഷം, വിവിധ തലങ്ങളിൽ യോഗം ചേർന്ന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. അതിനാൽ, ശേഷിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

പതിറ്റാണ്ടുകളായി മന്ദഗതിയിലായിരുന്ന സംസ്ഥാനത്തിന്റെ അടിസ്ഥാന സൌകര്യ വികസന മേഖലയ്ക്ക് പുതിയൊരു തുടക്കം നൽകുക അതുവഴി സംസ്ഥാനത്തിന്റെ സാമ്പത്തികമേഖലയെ പുനരുജ്ജീവിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് 2016 ൽ സർക്കാർ കിഫ്ബിയെ നൂതനമായ രീതിയിൽ പുനർരൂപീകരിച്ചത്. സാമൂഹിക വികസന സൂചികയിൽ പല വികസിത രാജ്യങ്ങളോടും താരതമ്യം ചെയ്യപ്പെട്ടപ്പോഴും കാലത്തിനൊത്ത അടിസ്ഥാന സൌകര്യ വികസനം സംസ്ഥാനത്തിന് എന്നും അന്യമായിരുന്നു. ഈ വിടവ് നികത്തി, വർഷങ്ങൾക്ക് ശേഷം മാത്രം സാധ്യമായിരുന്ന ഒരു വികസന തരംഗം ഇന്ന് യാഥാർഥ്യമാക്കുവാൻ കിഫ്ബിയിലൂടെ നമുക്ക് കഴിഞ്ഞു.

കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട വിശദമായ പദ്ധതി റിപ്പോർട്ടുകൾ പരിശോധിച്ച ശേഷം കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് യോഗങ്ങൾ **74,009 കോടി** രൂപയുടെ **993** പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ NHAI-യുടെ സ്ഥലമേറ്റെടുപ്പിനുള്ള സംസ്ഥാന വിഹിതവും (6769.01 കോടി രൂപ) വ്യാവസായിക പാർക്കുകൾക്കുള്ള സ്ഥലമേറ്റെടുപ്പിനുള്ള തുകയും ഉൾപ്പടെ **20,000 കോടി** രൂപയുടെ **7** പദ്ധതികളും ഉൾപ്പെടുന്നുണ്ട്. ഇതിലേക്കായി **9,508 കോടി** രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പതിറ്റാണ്ടുകളായി മുടങ്ങി കിടന്നിരുന്ന നാഷണൽ ഹൈവേയുടെ വികസനത്തിന് ഇത് വഴിവെച്ചു. ശേഷിക്കുന്ന **54,009 കോടി** രൂപയുടെ **986** പദ്ധതികളിൽ **28,536 കോടി** രൂപയുടെ **598** പദ്ധതികളിന്മേൽ ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിൽ **24,931** കോടി രൂപയുടെ **543** പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വർക്ക് അവാർഡ് ചെയ്തിട്ടുള്ളതുമാണ്. അംഗീകാരം നൽകിയ പദ്ധതികളിലേക്കായി **23,000 കോടി** രൂപ നാളിതു വരെ കിഫ്ബിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ കരാർ നൽകി പൂർണമായും പൂർത്തീകരിച്ച തരത്തിലുള്ള പദ്ധതികൾ എന്ന രീതി അവലംബിക്കുമ്പോഴാണ് 6,201.35 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു എന്ന് പറയുന്നത്. എന്നാൽ കിഫ്ബി അംഗീകാരം നൽകി മുഴുവൻ തുകയും ചെലവഴിച്ച പദ്ധതികളിൽ ചിലത് സർക്കാരിന്റെ മറ്റ് വലിയ പദ്ധതികളുടെ ഭാഗമാണ്. NHAI-യുടെ സ്ഥലമേറ്റെടുപ്പിനുള്ള സംസ്ഥാന വിഹിതമായി നൽകിയ 5,580.74 കോടി രൂപ ബയോളജിക്കൽ സയൻസ് പാർക്കിന്റെ രണ്ടാം ഘട്ടത്തിന്റെ സ്ഥലമേറ്റെടുപ്പിന് നൽകിയ 301.17 കോടി രൂപ തുടങ്ങിയവ ഇത്തരത്തിലുള്ളതാണ്. കിഫ്ബിയെ സംബന്ധിച്ചടുത്തോളം ഇങ്ങനെയുള്ള

പദ്ധതികളെയും പൂർത്തീകരിച്ച പദ്ധതികളായി കരുതാവുന്നതും ഇവ കൂടി കണക്കിലെടുത്താൽ ആകെ പൂർത്തീകരിച്ച പദ്ധതികളുടെ തുക **12,089.29 കോടി** രൂപയാണ്.

വളരെ ബൃഹത്തായ പദ്ധതികളാണ് സർക്കാർ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. ഭൂരിഭാഗം പദ്ധതികൾക്കും വിശദമായ പഠനങ്ങളും പ്രത്യേക സർവ്വേകളും ഭൂമിയേറ്റെടുക്കലും ആവശ്യമായി വരുന്നു.

കോവിഡ്, പേമാരി എന്നീ ദുരന്ത സാഹചര്യങ്ങൾ പദ്ധതികൾക്ക് ആവശ്യമായ വിഭവസമാഹരണത്തിലും (Materials) പദ്ധതി നിർവ്വഹണത്തിലും ചെലുത്തിയ പ്രതികൂലാവസ്ഥ, പ്രഖ്യാപിത ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തെ കാര്യമായി ബാധിച്ചു. എന്നിരുന്നാലും, പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിന് വളരെ ക്രിയാത്മകമായ നടപടികളാണ് കിഫ്ബിയിൽ സ്വീകരിച്ചുവരുന്നത്.

കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പ്രത്യേക ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നിയമാനുസൃതമായുള്ള ക്ലിയറൻസുകൾ എന്നിവ തടസ്സം കൂടാതെ ലഭ്യമാക്കി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികളും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ എസ്.പി.വി-കൾ നേരിടുന്ന പക്ഷം, കിഫ്ബിയുടെ വിവിധ തലങ്ങളിൽ യോഗങ്ങൾ വിളിച്ചു ചേർത്ത് പരിഹാരമാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. കൂടാതെ, കിഫ്ബി അംഗീകാരം നൽകുന്ന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് ബഹു.മന്ത്രിമാർ/എം.എൽ.എ-മാർ എന്നിവരുടെ നേതൃത്വത്തിലും യോഗങ്ങൾ വിളിച്ചു ചേർത്ത് പദ്ധതികളുടെ സമയബന്ധിതമായ പൂർത്തിയാക്കൽ ഉറപ്പുവരുത്തുന്നു.

സെക്ഷൻ ഓഫീസർ